Sectt. 37. 3/4/2008/5 Lakh. GPM. © Govt. of Kerala

# GOVERNMENT OF KERALA

## സംഗ്രഹം

ഭവന നിർമ്മാണ വകുപ്പ് - കേരള സ്റ്റേറ്റ് ഹൗസിംഗ് പോളിസി-2011- അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭവന നിർമ്മാണ (ബി) വകുപ്പ്

സ.ഉ. (എം.എസ്) നം. 35/2011/ഭവനം — തിരുവനന്തപുരം, തീയതി 18/11/2011

പരാമർശം:- 1. ഹൗസിംഗ്കമ്മീഷണറുടെ 25.7.2011 -ലെ 437/സി2/2010/എ.എച്ച്.സി എന്ന നമ്പർ കത്തും 20.8.2011-ലെ സി1-403/2011/എച്ച്.സി. എന്ന നമ്പർ കത്തും.

## ഉത്തരവ്

എല്ലാവർക്കും വീട് എന്ന ലക്ഷ്യം മുൻനിർത്തി സർക്കാർ പാർപ്പിട നയം നൂറുദിന കർമ്മപരിപാടിയിലെ ഒരിനമായി പ്രഖ്യാപിച്ചു. 2011-12-ലെ പുതുക്കിയ ബഡ്ജറ്റിൽ ഈ പുതിയ പാർപ്പിട നയത്തിന്റെ രൂപരേഖ ഉൾക്കൊള്ളിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പാർപ്പിട നയം രൂപവൽക്കരിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചു. വിശദമായ ചർച്ചകൾക്കുശേഷം Kerala State Housing Policy-2011-ന്റെ കരട് തയ്യാറാക്കുകയും ഇത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു.

ഈ കരട് നയത്തിന്മേൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിവിധ വകുപ്പുതലവന്മാരോടും മറ്റ് ബന്ധപ്പെട്ടവരോടും ആരായുകയുണ്ടായി. കൂടാതെ പൊതുജനാഭിപ്രായം സ്വരൂപിക്കുന്നതിനായി ഇത് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പ്രസ് റിലീസ് നൽകുകയും ചെയ്തു. തുടർന്ന് പൊതുജനാഭിപ്രായവും വിദഗ്ദ്ധരുടെ നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിന് തിരുവനന്തപുരത്ത് വച്ച് വിപുലമായ ഒരു സമ്മേളനം സർക്കാരിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. ഇപ്രകാരം സ്വരൂപിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട കമ്മിറ്റി വിശദമായി പരിശോധിക്കുകയും ഇതിൽ അനുയോജ്യമെന്നു കണ്ട നിർദ്ദേശങ്ങളുടേയും അഭിപ്രായങ്ങളുടേയും അടിസ്ഥാനത്തിൽ കരട് പാർപ്പിട നയത്തിൽ ആവശ്യമായ മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും വരുത്തി പരിഷ്ക്കരിച്ച കരട് പാർപ്പിട നയം തയ്യാറാക്കുകയും ഇത് കമ്മിറ്റി അംഗീകരിക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു. കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ച കേരള സ്റ്റേറ്റ് ഹൗസിംഗ് പോളിസി-2011- അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,<br>
എ.അജിത് കുമാർ,<br>
സെക്രട്ടറി.

ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം.<br>
സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം.<br>
ഡയറക്ടർ, സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം.<br>
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.<br>
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.<br>
പൊതുഭരണ (എസ്. സി) വകുപ്പ് (16.11.2011-ലെ ഇനം. നം. 734)<br>
ധനകാര്യവും നിയമവും ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും.<br>
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.